# 082/2018-M

ചോദ്യ പുസ്തക അക്ഷര കോഡ് **A**

ചോദ്യ പുസ്തക ക്രമ നമ്പർ

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 75 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസ്സിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും, **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ.ഉത്തരക്കടലാസ്സിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.



https://www.freshersnow.com/previous-year-question-papers/

https://www.freshersnow.com/previous-year-question-papers/

# 082/2018-M

Total Marks : 100 Marks

Time : 1 hour and 15 minutes

1. "ഇന്ത്യയെ കണ്ടെത്തൽ" എന്ന ഗ്രന്ഥത്തിന്റെ കർത്താവാര് ?
   (A) ദാദാഭായ് നവറോജി
   (B) ജവഹർലാൽ നെഹ്റു
   (C) ഗാന്ധിജി
   (D) എ. ആർ. ദേശായി

2. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നാട്ടുരാജ്യ സംയോജനത്തിനായി സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ സെക്രട്ടറിയായി പ്രവർത്തിച്ച മലയാളി ആര് ?
   (A) വി. പി. മേനോൻ
   (B) വി. കെ. കൃഷ്ണമേനോൻ
   (C) ചേറ്റൂർ ശങ്കരൻ നായർ
   (D) സർദാർ വല്ലഭായ് പട്ടേൽ

3. പ്രസിദ്ധ ശാസ്ത്രജ്ഞൻ സി. വി. രാമന് നോബേൽ സമ്മാനം ലഭിച്ചത് താഴെ കൊടുത്ത ഏത് വിഭാഗത്തിലെ കണ്ടുപിടുത്തത്തിന് ആയിരുന്നു ?
   (A) ഭൗതികശാസ്ത്രം
   (B) രസതന്ത്രശാസ്ത്രം
   (C) വൈദ്യശാസ്ത്രം
   (D) സാമ്പത്തികശാസ്ത്രം

4. പ്രഥമ ഉദ്യമത്തിൽ തന്നെ ചൊവ്വാദൗത്യം വിജയിപ്പിച്ച ലോകത്തിലെ ആദ്യ രാജ്യം ?
   (A) ഇന്ത്യ
   (B) ചൈന
   (C) അമേരിക്ക
   (D) റഷ്യ

5. കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയങ്ങളിൽ നിയമ നിർമ്മാണം നടത്താനുള്ള അധികാരം നിക്ഷിപ്തമായിരിക്കുന്നത് ?
   (A) കേന്ദ്ര ഗവൺമെന്റിൽ
   (B) സംസ്ഥാന ഗവൺമെന്റിൽ
   (C) കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളിൽ സംയുക്തമായി
   (D) ഇവയൊന്നുമല്ല

6. ഇന്ത്യ വിദേശ നയത്തിന്റെ ഭാഗമായി പഞ്ചശീല തത്വം ഒപ്പിട്ടത് ഏതു രാജ്യവുമായാണ് ?
   (A) പാക്കിസ്ഥാൻ
   (B) ശ്രീലങ്ക
   (C) ചൈന
   (D) ഇന്തോനേഷ്യ

7. ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യ സംഘടിത കലാപം ഏത് ?
   (A) കുറിച്യ കലാപം
   (B) ആറ്റിങ്ങൽ കലാപം
   (C) കുളച്ചൽ യുദ്ധം
   (D) മാപ്പിള കലാപം



w.freshersnow.com/previous-year-question-papers/

8. വേലുത്തമ്പി ദളവ കുണ്ടറ വിളംബരം നടത്തിയ വർഷം ?

(A) 1809 ജനുവരി 11 (B) 1808 ജനുവരി 11

(C) 1810 നവംബർ 1 (D) 1811 നവംബർ 1

9. സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ നിലവിൽ വന്ന വർഷം ?

(A) 1949 (B) 1954

(C) 1953 (D) 1956

10. താഴെ കൊടുത്തിരിക്കുന്നവരിൽ 'ദിനബന്ധു' പത്രത്തിന്റെ സ്ഥാപകൻ ആര്?

(A) വി. ആർ. കൃഷ്ണനെഴുത്തച്ഛൻ (B) വി. ആർ. കൃഷ്ണയ്യർ

(C) സ്വദേശാഭിമാനി രാമകൃഷ്ണപിള്ള (D) വക്കം അബ്ദുൾ ഖാദർ മൗലവി

11. മലയാളം സർവ്വകലാശാലയുടെ ഇപ്പോഴത്തെ വൈസ്ചാൻസലർ ആര്?

(A) കെ. ജയകുമാർ (B) ഡോ. അനിൽ വള്ളത്തോൾ

(C) കെ. മുഹമ്മദ് ബഷീർ (D) ഡോ. ബാബു സെബാസ്റ്റ്യൻ

12. 2005-ൽ നിലവിൽ വന്ന വിവരാവകാശ നിയമത്തിന്റെ നിർമ്മാണത്തിലേക്ക് നയിച്ചത് 'മസ്ദൂർ കിസാൻ ശക്തി സൻഗാതൻ' എന്ന സംഘടനയുടെ പ്രവർത്തനമാണ്. ഏത് സംസ്ഥാനം കേന്ദ്രമാക്കികൊണ്ടാണ് ഈ സംഘടന പ്രവർത്തിച്ചത്?

(A) രാജസ്ഥാൻ (B) ഗുജറാത്ത്

(C) മഹാരാഷ്ട്ര (D) മധ്യപ്രദേശ്

13. ലോക്പാലിനെ സംബന്ധിച്ച് ശരിയല്ലാത്ത പ്രസ്താവനയേത്?

(A) ദേശീയ തലത്തിലുള്ള അഴിമതി വിരുദ്ധ സമിതിയാണ് ലോക്പാൽ.

(B) 2014 ജനുവരി 16-നാണ് ഇന്ത്യയിൽ ഈ നിയമം നടപ്പിൽ വന്നത്.

(C) എല്ലാ പാർലമെന്റംഗങ്ങളും ഗവൺമെന്റ് ഉദ്യോഗസ്ഥരും ഈ നിയമത്തിന്റെ പരിധിയിൽ വരും.

(D) ഈ സമിതിയുടെ അധ്യക്ഷൻ കേന്ദ്ര നിയമ വകുപ്പ് മന്ത്രിയാണ്.

14. ഇന്ത്യയേയും പാക്കിസ്ഥാനെയും വേർതിരിക്കുന്ന അതിർത്തി രേഖ അറിയപ്പെടുന്നത് ?

(A) റാഡ്ക്ലിഫ് ലൈൻ (B) മക്മോഹൻ ലൈൻ

(C) ഡ്യൂറന്റ് ലൈൻ (D) ഇവയൊന്നുമല്ല

15. ലോകത്തെ എത്ര സമയ മേഖലകളായി തരം തിരിച്ചിരിക്കുന്നു ?

(A) 24 (B) 14

(C) 12 (D) 15



https://www.freshersnow.com/previous-year-question-papers/

**16.** പ്രാദേശിക വാതമല്ലാത്തതേത് ?

(A) ലൂ
(B) കരക്കാറ്റ്
(C) ചിനൂക്ക്
(D) ഫൊൻ

**17.** ഒരു ധാരാതലീയ ഭൂപടത്തിൽ കൃഷിയിടങ്ങളെ ചിത്രീകരിക്കുന്നതിനായി ഉപയോഗിക്കുന്ന നിറമേത് ?

(A) നീല
(B) പച്ച
(C) മഞ്ഞ
(D) ഇവയൊന്നുമല്ല

**18.** മുദ്ര ബാങ്കിന്റെ ലക്ഷ്യം ?

(A) സ്ഥിര നിക്ഷേപം സ്വീകരിക്കുക
(B) വനിതാ ശാക്തീകരണം
(C) ചെറുകിട വായ്പ നല്കൽ
(D) ഭവന നിർമ്മാണം

**19.** പ്രധാനമായും ഏത് ഭാഷയിലെ ഒരു സാഹിത്യ രൂപമാണ് വചന സാഹിത്യം ?

(A) തമിഴ്
(B) കന്നഡ
(C) കാശ്മീരി
(D) ഒറിയ

**20.** ഇന്ത്യയിൽ ഒരു സാമ്പത്തിക വർഷമായി കണക്കാക്കുന്നത് ?

(A) മാർച്ച് 1 മുതൽ ഏപ്രിൽ 30 വരെ
(B) ജനുവരി 1 മുതൽ ഡിസംബർ 31 വരെ
(C) ജൂലൈ 1 മുതൽ ജൂൺ 30 വരെ
(D) ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ

**21.** താഴെ കൊടുത്തിരിക്കുന്നവയിൽ കാറ്റിന്റെ പ്രവർത്തനംമൂലം രൂപപ്പെടുന്ന ഭൂരൂപമേത് ?

(A) സിറക്കുകൾ
(B) ബീച്ചുകൾ
(C) കടൽത്തീര ക്ലിഫ്
(D) കൂൺ ശില

**22.** താഴെ കൊടുത്തിരിക്കുന്നവയിൽ ഇന്ത്യൻ മഹാസമുദ്രത്തിന്റെ ഭാഗമായ കടൽ ഏത് ?

(A) അറബിക്കടൽ
(B) മഞ്ഞക്കടൽ
(C) കരിങ്കടൽ
(D) മെഡിറ്ററേനിയൻ കടൽ

**23.** സേവനങ്ങളെ അടിസ്ഥാനമാക്കി തരം തിരിക്കുമ്പോൾ, താഴെ പറയുന്നവയിൽ വിദ്യാഭ്യാസത്തിന് പ്രാധാന്യമുള്ള നഗരമേത് ?

(A) അലിഗഢ്
(B) ഊട്ടി
(C) മധുര
(D) മുംബൈ

**24.** ലാറ്റിനമേരിക്കൻ രാജ്യങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പ്രവർത്തിച്ച വ്യക്തി ?

(A) ലെനിൻ
(B) സൈമൺ ബൊളിവർ
(C) റൂസ്സോ
(D) ജോർജ്ജ് വാഷിംഗ്ടൺ



https://www.freshersnow.com/previous-year-question-papers/

25. ഒന്നാം ലോക മഹായുദ്ധത്തിന് മുമ്പ് രൂപം കൊണ്ട സൈനിക സഖ്യമായ ത്രികക്ഷി സഖ്യത്തിൽ-പ്പെടാത്ത രാജ്യമേത്?

(A) ജർമ്മനി
(B) ആസ്ട്രിയ
(C) ഇറ്റലി
(D) ഫ്രാൻസ്

26. നിലവിലെ കേന്ദ്ര ആഭ്യന്തര വകുപ്പ് മന്ത്രിയാര്?

(A) രാജ് നാഥ് സിംഗ്
(B) സുഷമാ സ്വരാജ്
(C) അരുൺ ജെയ്റ്റ്ലി
(D) നിർമ്മല സീതാരാമൻ

27. 2019-ലെ ലോക കപ്പ് ക്രിക്കറ്റിന് വേദിയാകുന്ന രാജ്യം ?

(A) ഇംഗ്ലണ്ട്
(B) ഇന്ത്യ
(C) ആസ്ട്രേലിയ
(D) ശ്രീലങ്ക

28. 'മിസൈൽ മാൻ ഓഫ് ഇന്ത്യ' എന്നറിയപ്പെടുന്നത്?

(A) എ.പി.ജെ. അബ്ദുൾ കലാം
(B) എം. വിശ്വേശ്വരയ്യ
(C) ഡോ. എസ്. രാധാകൃഷ്ണൻ
(D) സർദാർ വല്ലഭായ് പട്ടേൽ

29. കൊച്ചിയിൽ ബ്രിട്ടീഷുകാർക്കെതിരെ പോരാടിയ ധീര ദേശാഭിമാനി

(A) പഴശ്ശി രാജ
(B) വേലുത്തമ്പി ദളവ
(C) പാലിയത്തച്ഛൻ
(D) തലക്കൽ ചന്തു

30. പഴശ്ശി സ്മാരകം സ്ഥിതി ചെയ്യുന്നതെവിടെയാണ്?

(A) മാനന്തവാടി
(B) സുൽത്താൻ ബത്തേരി
(C) കണ്ണൂർ
(D) കോഴിക്കോട്

31. മലബാർ കുടിയായ്മ നിയമം നിലവിൽ വന്ന വർഷം ?

(A) 1929
(B) 1914
(C) 1865
(D) 1896

32. 1859-ൽ ആലപ്പുഴയിൽ കയർ ഫാക്ടറി സ്ഥാപിച്ച ജെയിംസ് ഡാറ ഏത് രാജ്യക്കാരനായിരുന്നു ?

(A) ജർമ്മനി
(B) അയർലണ്ട്
(C) സ്പെയിൻ
(D) ഇറ്റലി

33. യോഗക്ഷേമ സഭ സ്ഥാപിച്ചതാര്?

(A) കുമാര ഗുരുദേവൻ
(B) മന്നത്ത് പത്മനാഭൻ
(C) അയ്യങ്കാളി
(D) വി. ടി. ഭട്ടതിരിപ്പാട്

34. “വിദ്യകൊണ്ട് പ്രബുദ്ധരാവുക സംഘടനകൊണ്ട് ശക്തരാവുക” ഇങ്ങനെ ഉദ്ബോധിപ്പിച്ച സാമൂഹ്യ പരിഷ്കർത്താവാര്?

(A) വാഗ്ഭടാനന്ദൻ (B) ചട്ടമ്പി സ്വാമികൾ
(C) ശ്രീനാരായണ ഗുരു (D) സഹോദരൻ അയ്യപ്പൻ

35. ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ ഭാഗമായി നടന്ന ‘കീഴരിയൂർ ബോംബ് കേസ്’ നടന്നത് ഇന്നത്തെ ഏത് ജില്ലയിലാണ്?

(A) വയനാട് (B) ഇടുക്കി
(C) കൊല്ലം (D) കോഴിക്കോട്

36. ഭവന രഹിതർക്ക് ഭവനം എന്ന ലക്ഷ്യവുമായി കേരള സർക്കാർ ആരംഭിച്ച പദ്ധതി ?

(A) ആർദ്രം (B) നവ കേരള മിഷൻ
(C) ഹരിത കേരളം (D) ലൈഫ്

37. 2017-ലെ വള്ളത്തോൾ പുരസ്കാരം നേടിയതാര്?

(A) ശ്രീകുമാരൻ തമ്പി (B) കെ. ആർ. മീര
(C) കെ. സച്ചിദാനന്ദൻ (D) പ്രഭാവർമ്മ

38. ഇലക്ഷൻ കമ്മീഷനുമായി ബന്ധപ്പെട്ട ഭരണഘടനാ ആർട്ടിക്കിൾ ഏത്?

(A) 265 (B) 152
(C) 324 (D) 370

39. കേരള സംസ്ഥാനത്തെ ആദ്യ വിവരാവകാശ കമ്മീഷണർ ആര് ?

(A) വിൻസൺ എം. പോൾ (B) പാലാട്ട് മോഹൻദാസ്
(C) എം. എം. പരീദ് പിള്ള (D) വി. ഭാസ്കരൻ

40. ഓഖി ചുഴലിക്കാറ്റിനെ തുടർന്ന് രക്ഷാപ്രവർത്തനത്തിന്റെ ഭാഗമായി ഇന്ത്യൻ സേന നടത്തിയ പ്രവർത്തനം അറിയപ്പെടുന്നത് ഏത് പേരിൽ ?

(A) ഓപ്പറേഷൻ ഹണ്ട് (B) ഓപ്പറേഷൻ വിജയ്
(C) ഓപ്പറേഷൻ സിനർജി (D) ഇവയൊന്നുമല്ല

41. കേരളത്തിലെ ചൈൽഡ് ഹെൽപ്പ് ലൈൻ നമ്പർ ?

(A) 1091 (B) 182
(C) 1098 (D) 1800

42. കേരള സംസ്ഥാന സ്കൂൾ കലോത്സവത്തിൽ 12-ാം തവണയും കിരീടം നേടിയ ജില്ലയേത്?

(A) പാലക്കാട് (B) മലപ്പുറം
(C) കണ്ണൂർ (D) കോഴിക്കോട്



https://www.freshersnow.com/previous-year-question-papers/

43. ജപ്പാന്റെ കറൻസി അറിയപ്പെടുന്നത് ഏത് പേരിൽ ?
(A) യുവാൻ (B) യെൻ
(C) ഡോളർ (D) പൗണ്ട്

44. താഴെ പറയുന്നവയിൽ കുംഭമേള നടക്കുന്ന സ്ഥലങ്ങളിൽ പെടാത്തത് ഏത് ?
(A) നാസിക് (B) ഹരിദ്വാർ
(C) അലഹബാദ് (D) അഹമ്മദാബാദ്

45. ഇന്ത്യയിലെ പ്രധാന തുറമുഖങ്ങളിൽ ഏറ്റവും തെക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന തുറമുഖമേത് ?
(A) പാരദ്വീപ് (B) തൂത്തുക്കുടി
(C) കൊൽക്കത്ത (D) കൊച്ചി

46. ലോക ജലദിനം ?
(A) ഏപ്രിൽ 22 (B) മെയ് 22
(C) മാർച്ച് 22 (D) ജൂൺ 5

47. പ്രവൃത്തിയുടെ യൂണിറ്റ്
(A) കലോറി (B) ജൂൾ
(C) ആമ്പിയർ (D) വോൾട്ട്

48. വിനാഗിരിയിൽ അടങ്ങിയിരിക്കുന്ന ആസിഡ് ?
(A) സൾഫ്യൂറിക്കാസിഡ് (B) ലാക്ടിക് ആസിഡ്
(C) നൈട്രിക് ആസിഡ് (D) അസറ്റിക് ആസിഡ്

49. ഓർണിത്തോളജി എന്ന ജീവശാസ്ത്ര ശാഖ എന്തിനെക്കുറിച്ച് പ്രതിപാദിക്കുന്നു ?
(A) മത്സ്യം (B) ഷഡ്പദം
(C) ഫോസിൽ (D) പക്ഷി

50. പേപ്പട്ടി വിഷം ബാധിക്കുന്ന മനുഷ്യ ശരീരത്തിലെ അവയവം ?
(A) ത്വക്ക് (B) തലച്ചോറ്
(C) സന്ധികൾ (D) കരൾ

51. പന്നിയൂർ 1 എന്നത് താഴെപ്പറയുന്ന ഏതിനം സസ്യത്തിന്റെ സങ്കരയിനം ആണ് ?
(A) കരിമ്പ് (B) മരച്ചീനി
(C) നെല്ല് (D) കുരുമുളക്

52. 2017-ലെ മികച്ച നടനുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാരം നേടിയതാര്?

(A) വിനായകൻ (B) അലൻസിയർ
(C) ഇന്ദ്രൻസ് (D) പൃഥിരാജ്

53. സൂര്യനോട് ഏറ്റവും അടുത്ത് കിടക്കുന്ന ഗ്രഹമേത്?

(A) വ്യാഴം (B) ബുധൻ
(C) ശനി (D) ഭൂമി

54. നിശാന്ധതയ്ക്ക് കാരണം ഏത് വിറ്റാമിൻ അഭാവമാണ്?

(A) വിറ്റാമിൻ ബി (B) വിറ്റാമിൻ സി
(C) വിറ്റാമിൻ ഡി (D) വിറ്റാമിൻ എ

55. താഴെ കൊടുത്തിരിക്കുന്നവയിൽ ഏത് സമരത്തിന്റെ നൂറാം വാർഷികമാണ് 2017-ൽ ആഘോഷിച്ചത്?

(A) ഉപ്പു സത്യാഗ്രഹം (B) ചൗരിചൗരാ സംഭവം
(C) ചമ്പാരൻ സത്യാഗ്രഹം (D) ക്വിറ്റ് ഇന്ത്യാ സമരം

56. കേരള സംസ്ഥാനം നിലവിൽ വന്നത്?

(A) 1956 ജനുവരി 1 (B) 1956 നവംബർ 1
(C) 1947 ജനുവരി 1 (D) 1956 നവംബർ 11

57. രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആരെയാണ്?

(A) സോക്രട്ടീസ് (B) പ്ലേറ്റോ
(C) അരിസ്റ്റോട്ടിൽ (D) കൗടില്യൻ

58. കേരളത്തിലെ ഇപ്പോഴത്തെ നിയമസഭാ സ്പീക്കർ ആര് ?

(A) പി. രാമകൃഷ്ണൻ (B) പി. ശ്രീരാമകൃഷ്ണൻ
(C) പി. രാജു (D) കെ. ടി. ജലീൽ

59. കേരളത്തിലെ ആദ്യത്തെ സാമൂഹ്യപരിഷ്കരണ പ്രസ്ഥാനമായി പരിഗണിക്കുന്ന പ്രസ്ഥാനമേത്?

(A) സഹോദര സംഘം (B) ജാതിനാശിനി സഭ
(C) ആനന്ദ മഹാസഭ (D) സമത്വ സമാജം

60. താഷ്കന്റ് കരാറിൽ ഒപ്പുവെച്ച ഇന്ത്യൻ പ്രധാനമന്ത്രിയാര് ?

(A) ജവഹർലാൽ നെഹ്റു (B) ചരൺസിംഗ്
(C) ലാൽ ബഹദൂർ ശാസ്ത്രി (D) ഇന്ദിരാഗാന്ധി

61. Identify the part of speech that is underlined :
She has a beautiful handwriting.
(A) Adjective
(B) Adverb
(C) Noun
(D) Verb

62. Roy stood first in the test, ________ ?
(A) hadn't he ?
(B) didn't he ?
(C) won't he ?
(D) wasn't he ?

63. Shreya is the ________ student in her class.
(A) clever
(B) cleverer
(C) cleverest
(D) more clever

64. Change into reported speech.
Anu said to him, "When'll you marry me ?"
(A) Anu asked him when would he marry her.
(B) Anu asked him when he would marry her.
(C) Anu asked him when would he married her.
(D) Anu asked him when he would married her.

65. If he hadn't fallen sick, he ________ the exam.
(A) would has written
(B) would have been written
(C) would have written
(D) would write

66. She comes to school ________ bus.
(A) by
(B) on
(C) to
(D) in

67. How much is a baker's dozen ?
(A) 12
(B) 13
(C) 24
(D) 20

68. Choose the synonym of – ludicrous
(A) absurd
(B) absolve
(C) abjure
(D) None of the above

69. What is a female sheep called ?
(A) Ram
(B) Lamb
(C) Ewe
(D) Calf

70. Antonym of – bravery
(A) courage
(B) cowardice
(C) conceal
(D) construct



ps://www.freshersnow.com/previous-year-question-papers/

**71.** Select the idiom which means 'unable to reach a decision' :

(A) Miss the boat
(B) Once in blue moon
(C) Sit on the fence
(D) The last straw

**72.** It is difficult to ________ his rude behaviour.

(A) put on
(B) put up with
(C) put into
(D) put in

**73.** He will do the work. (Change into passive voice)

(A) The work will done by him.
(B) The work will be do by him.
(C) The work will be did by him.
(D) The work will be done by him.

**74.** Choose the correctly spelt word :

(A) Twelfth
(B) Twelveth
(C) Twelvth
(D) None of the above

**75.** What do you call a group of owls ?

(A) Pride
(B) Pandemonium
(C) Party
(D) Parliament

**76.** Fools rush in where angels fear to ________.

(A) tread
(B) thread
(C) threat
(D) treat

**77.** Pick out the one word for – think about something for a long time.

(A) Contempt
(B) Contest
(C) Confront
(D) Contemplate

**78.** He fell ill after ________ contaminated food.

(A) eat
(B) ate
(C) eaten
(D) eating

**79.** The meaning of the word – debauchery

(A) immortal
(B) immaculate
(C) immoral
(D) imminent

**80.** John as well as his parents ________ coming.

(A) are
(B) were
(C) has
(D) is

81. ഒരു സമചതുരത്തിന്റെ വികർണ്ണത്തിന്റെ നീളം 4 സെ. മീ. ആയാൽ അതിന്റെ ഒരു വശത്തിന്റെ നീളം എത്ര ?

(A) 4 സെ. മീ.
(B) 2 സെ. മീ.
(C) $4\sqrt{2}$ സെ. മീ.
(D) $2\sqrt{2}$ സെ. മീ.

82. $(-1)^{99} + (-1)^{100} + (-1)^{101}$ എത്ര ?

(A) 1
(B) –1
(C) 3
(D) 0

83. ചുവടെ കൊടുത്തവയിൽ $\frac{2}{3}$ നും $\frac{3}{4}$ നും ഇടയിലുള്ള ഭിന്നസംഖ്യ ഏത് ?

(A) $\frac{5}{7}$
(B) $\frac{1}{2}$
(C) $\frac{2}{5}$
(D) $\frac{3}{2}$

84. 25 ലിറ്റർ പെട്രോൾ ഉപയോഗിച്ച് ഒരു കാർ 150 കി. മീ. ദൂരം സഞ്ചരിക്കുന്നുവെങ്കിൽ 30 ലിറ്റർ പെട്രോൾ ഉപയോഗിച്ച് ആ കാർ എത്ര ദൂരം സഞ്ചരിക്കും ?

(A) 160 കി. മീ.
(B) 170 കി. മീ.
(C) 180 കി. മീ.
(D) 190 കി. മീ.

85. ഒരു പാത്രത്തിന്റെ വാങ്ങിയ വില 120 രൂപയാണ്. ഇത് 10% നഷ്ടത്തിൽ വിറ്റുവെങ്കിൽ വിറ്റവില എത്ര ?

(A) 110 രൂപ
(B) 108 രൂപ
(C) 106 രൂപ
(D) 104 രൂപ

86. $x + y = 6$ ഉം $x - y = 4$ ഉം ആയാൽ $xy$ എത്ര ?

(A) 2
(B) 10
(C) 5
(D) 24



https://www.freshersnow.com/previous-year-question-papers/

87. ഒരു എണ്ണൽ സംഖ്യയുടെ 5 മടങ്ങ്, ആ സംഖ്യയേക്കാൾ 3 കൂടുതലായ മറ്റൊരു സംഖ്യയുടെ 2 മടങ്ങിനു തുല്യമായാൽ സംഖ്യ ഏത് ?

(A) 2 (B) 4
(C) 10 (D) 15

88. ബാഹ്യകോൺ 45° ആയ ഒരു സമബഹുഭുജത്തിന് എത്ര വശങ്ങൾ ഉണ്ട്?

(A) 5 (B) 6
(C) 7 (D) 8

89. 100-നും 700-നും ഇടയിൽ 3-ന്റെ എത്ര ഗുണിതങ്ങൾ ഉണ്ട്?

(A) 150 (B) 200
(C) 250 (D) 300

90. 74088-ന്റെ ഘനമൂലം എത്ര ?

(A) 22 (B) 32
(C) 42 (D) 52

91. ഒരു ക്ലാസ്സിലെ 9 കുട്ടികളുടെ ശരാശരി ഉയരം 160 സെ. മീ. ആണ്. ആ ക്ലാസ്സിൽ പുതിയതായി ഒരു കുട്ടി കൂടി വന്നുചേർന്നപ്പോൾ ശരാശരി ഉയരം 161 സെ. മീ. ആയി. എങ്കിൽ പുതിയതായി വന്ന കുട്ടിയുടെ ഉയരം എത്ര ?

(A) 150 സെ. മീ. (B) 155 സെ. മീ.
(C) 160 സെ. മീ. (D) 170 സെ. മീ.

92. $|x-1| = |x-5|$ ആയാൽ $x$-ന്റെ വില എത്ര ?

(A) 3 (B) 4
(C) 5 (D) 6

93. 15,000 രൂപയ്ക്ക് 10% പലിശ നിരക്കിൽ 2 വർഷത്തേക്കുള്ള കൂട്ടുപലിശ എത്ര ?

(A) 3,000 രൂപ (B) 3,150 രൂപ
(C) 3,250 രൂപ (D) 3,500 രൂപ



https://www.freshersnow.com/previous-year-question-papers/

94. 5 + 10 + 15 + .... + 100 എത്ര ?

(A) 1000 (B) 1050

(C) 1100 (D) 1200

95. $\frac{12^4 \times 9^3 \times 4}{6^3 \times 8^2 \times 27}$ എത്ര ?

(A) 162 (B) 168

(C) 172 (D) 180

96. വികർണ്ണം 10 സെ. മീ. ആയ സമചതുരത്തിന്റെ പരപ്പളവ് എത്ര ?

(A) 10 ച. സെ. മീ. (B) 20 ച. സെ. മീ.

(C) 50 ച. സെ. മീ. (D) 100 ച. സെ. മീ.

97. ഒരു ത്രികോണത്തിന്റെ രണ്ട് വശങ്ങൾ 5 സെ. മീ., 7 സെ. മീ. ആണ്. ഈ ത്രികോണത്തിന്റെ മൂന്നാമത്തെ വശമാകാവുന്ന ഏറ്റവും വലിയ എണ്ണൽ സംഖ്യ ഏത് ?

(A) 14 (B) 13

(C) 12 (D) 11

98. A-യുടെ കൈവശമുള്ള തുകയുടെ $\frac{2}{5}$ ഭാഗമാണ് B-യുടെ കൈവശമുള്ളത്. B-യുടെ കൈവശമുള്ള തുകയുടെ $\frac{7}{9}$ ഭാഗമാണ് C-യുടെ കൈവശമുള്ളത്. മൂന്നു പേരുടെയും കൈവശമുള്ള ആകെ തുക 770 രൂപയായാൽ A-യുടെ കൈവശമുള്ള തുക എത്ര ?

(A) 400 രൂപ (B) 425 രൂപ

(C) 450 രൂപ (D) 500 രൂപ

99. രണ്ട് ഗോളങ്ങളുടെ ആരങ്ങൾ തമ്മിലുള്ള അംശബന്ധം 2 : 3 ആയാൽ അവയുടെ വ്യാപ്തങ്ങൾ തമ്മിലുള്ള അംശബന്ധം എന്ത് ?

(A) 2 : 3 (B) 4 : 9

(C) 4 : 6 (D) 8 : 27

100. ഒരു എണ്ണൽ സംഖ്യ അതിന്റെ വ്യുൽക്രമത്തിന്റെ നാല് മടങ്ങാണ്. എങ്കിൽ സംഖ്യ ഏത് ?

(A) 2 (B) 4

(C) 8 (D) 16

---



https://www.freshersnow.com/previous-year-question-papers/

SPACE FOR ROUGH WORK



https://www.freshersnow.com/previous-year-question-papers/

**SPACE FOR ROUGH WORK**



https://www.freshersnow.com/previous-year-question-papers/